മിസ്റ്റർ കെ. കെ. കണ്ണൻ: ഒരു ഡിപ്പോ തുടങ്ങുവാൻ ഇനിയും അപേക്ഷയുണ്ടായാൽ കൊടുക്കുവാൻ ദയവുണ്ടാകുമോ?

Mr. S. Venkiteswaran *(Conservator of Forests)*: Yes, Sir. Certainly.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഡിപ്പോ തുടങ്ങുന്നതിനു വല്ല സംഖ്യയും കെട്ടിവെക്കണമോ?

മിസ്റ്റർ എസ്സ്. വെങ്കിടേശ്വരൻ: വേണം.

മിസ്റ്റർ കെ. ഐ. വേലായുധൻ: എല്ലാവക്കും അതു ഒരുപോലെയാണൊ, അതോ വല്ല വ്യത്യാസവുമുണ്ടോ?

മിസ്റ്റർ എ.സ്സ്. വെങ്കിടേശ്വരൻ: വ്യത്യാസമൊന്നുമില്ല.

AIDED SCHOOL TEACHERS AND PRIVATE ASSOCIATIONS

234. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) എയിഡഡ് സ്കൂൾ അദ്ധ്യാപകന്മാർ പൊതുസംഘടനകളുടേയൊ സമുദായസംഘടനകളുടേയൊ അധ്യക്ഷനൊ സിക്രട്ടറിയോ മറ്റൊ ആയിരിക്കുന്നതു വിദ്യാഭ്യാസ ഡയറക്ടരുടെ അനുവാദത്തോടുകൂടിയാണോ;

(ബി) ഇങ്ങിനെ അവക്കു മറ്റു ജോലികൾ നോക്കുവാൻ നിയമപ്രകാരം തടസ്സം ഉണ്ടോ?

മിസ്റ്റർ പി. ശങ്കരൻനമ്പ്യാർ:

(എ) അല്ല.

(ബി) ഇല്ല. വിദ്യാഭ്യാസകോഡിലെ നിയമങ്ങൾ പ്രകാരം അദ്ധ്യാപകന്മാരുടെ ജോലികൾക്കു തടസ്ഥങ്ങൾ വരാതിരിക്കുന്ന കാലത്തോളം.

മിസ്റ്റർ കെ. എ. രാഘവൻ: മറ്റു ജോലികൾക്കുടി നോക്കുവാൻ അനുവാദം വേണമെന്നുണ്ടോ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: അനുവാദം വേണമെന്നില്ല.

മിസ്റ്റർ കെ. എ. രാഘവൻ: "അദ്ധ്യാപകന്മാരുടെ ജോലികൾക്കു തടസ്ഥങ്ങൾ വരാതിരിക്കുന്ന കാലത്തോളം" എന്നു പറഞ്ഞിട്ടുണ്ടു്. അതു് അവരുടെ ഉദ്യോഗം കഴിഞ്ഞിട്ടുള്ള കാലമാണോ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: ഉദ്യോഗത്തിൽ ഇരിക്കുമ്പോൾതന്നെ അവരുടെ ശരിയായ ജോലിക്കു വിഘ്നം വരാത്ത വിധത്തിൽ.

മിസ്റ്റർ കെ. എ. രാഘവൻ: ജോലികൾക്കു് തടസ്ഥം വരും എന്നു് അറിയുന്നതു് ഏതുതരത്തിലാണു്?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: അദ്ധ്യാപകന്മാർ അവരുടെ ജോലിക്കു വല്ല വിഘ്നവുമുണ്ടാക്കുന്നതായാൽ അതായതു സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരോ മാനേജർമാരോ മറ്റു വല്ലവരുമോ ഗവണ്മെണ്ടിലേക്കു റിപ്പോർട്ടുചെയ്യുമ്പോഴാണു് അറിയുന്നതു്.

മിസ്റ്റർ കെ. എ. രാഘവൻ: അദ്ധ്യാപകന്മാർ മറ്റു ജോലികളിൽ ഏർപ്പെടുമ്പോൾ അവരുടെ പ്രധാന ചുമതലയായ വിദ്യാർത്ഥികളെ പഠിപ്പിക്കുക എന്ന സംഗതിയിൽ അവക്കു വിമുഖത, അല്ലെങ്കിൽ മടി വരുമെന്നു ഗവണ്മെണ്ടിനു ബോദ്ധ്യമുണ്ടോ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: വരണമെന്നില്ല.

മിസ്റ്റർ പുളൂർ അച്യുതമേനോൻ: വന്നാലും വിരോധമില്ല അല്ലേ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: സ്വഭാവംപോലെയിരിക്കും.

VILLAGE COURT JUDGES

285. മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയാമോ.—

(എ) വില്ലേജു കോടതികളിലേക്കു ജഡ്ജിമാരെ നോമിനേറ്റു ചെയ്യുന്നതു് ആരുടെ നിർദ്ദേശപ്രകാരമാണു്;

LIBRARY ARCHIVES Kerala Legislative Assembly